പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1258 20.03.2012-ൽ മറുപടിക്ക്

## പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) 1. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ അവലോകനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ എം.എൽ.എ മാരേയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും യോഗങ്ങൾ നടത്തുകയും പ്രവൃത്തികൾ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരണം മരാമത്തു വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളുടെയും വകുപ്പുകളുടെയും അഭിപ്രായങ്ങൾ സമന്വയിപ്പിച്ച് പൂർത്തിയാക്കി. ഇതിൽ വകുപ്പിന്റെ പ്രവർത്തനശേഷി മെച്ചപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br><br>2. പൊതുമരാമത്ത് വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനായി പൊതുമരാമത്ത് വകുപ്പ് കോഡ് പരിഷ്കരണപ്രവർത്തനം നടന്നു കൊണ്ടിരിക്കുന്നു.<br><br>3. പൊതുമരാമത്ത് വകുപ്പ് ശക്തിപ്പെടുത്തുന്നതിനുള്ള പഠനങ്ങൾ കെ.എസ്.ടി.പി- II ൽ ഉൾപ്പെടുത്തി. ഇതിന് ലോകബാങ്കിന്റെ സഹായം ലഭ്യമാക്കാനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.<br><br>4. വലിയ റോഡുപണികളുടെ |

കരാറിനോടനുബന്ധിച്ച് 5 വർഷം മെയിന്റനൻസും ചെയ്യണമെന്ന തീരുമാനമെടുത്ത് നടപ്പാക്കി വരുന്നു.

5. ഇ- ടെണ്ടറിംഗ് , ഇ- പെയ്മെന്റ് എന്നിവ നടപ്പിലാക്കി.

6. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.

(ബി) പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്താൻ പുതുതായി എന്തെങ്കിലും ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) 1. പുതുക്കിയ പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥ പ്രകാരം പണികളുടെ ബില്ലുകൾ മാറുന്നതിന് ക്വാളിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കണം.

2. ചീഫ് എഞ്ചിനീയറുടെ സാങ്കേതികാനുമതി ആവശ്യമുള്ള പണികൾക്ക് പണി സ്ഥലങ്ങളിൽ തന്നെ ഗുണനിലവാര പരിശോധന നടത്തുവാൻ വ്യവസ്ഥയുണ്ട്.

3. പൊതുമരാമത്ത് വകുപ്പിൽ ഒരു ദ്വിതല ഗുണപരിശോധന സംവിധാനം ഉണ്ടാക്കി. രണ്ടാംതലത്തിൽ ഒരു സോണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഗുണനിലവാരം പരിശോധിച്ച് ഡിസൈൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർക്ക് നേരിട്ടു റിപ്പോർട്ട് നൽകും. മേൽപ്പറഞ്ഞതു കൂടാതെ 5 കോടി രൂപയിൽ കൂടുതലുള്ള പണികൾക്ക് പണി തീരുന്ന മുറയ്ക്ക് ഒരു വിദഗ്ധ കൺസൾട്ടന്റിനെ കൊണ്ട് പരിശോധിപ്പിക്കും എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള പരാതികൾ കാൾ സെന്റർ വഴി സ്വീകരിക്കുകയും അതനുസരിച്ച് 48 മണിക്കൂറിനകം നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. ടെണ്ടറിന്റെ സുതാര്യത ഉറപ്പു വരുത്തുന്നതിനായി ഈ- ടെണ്ടറിംഗും, കരാറുകാർക്ക് പണം നൽകുന്നതിനായി ഈ- പേയ്മെന്റ് സിസ്റ്റവും നടപ്പിൽ വരുത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾക്കും പുറമേ മൂന്ന് മേഖലാടിസ്ഥാനത്തിൽ രണ്ടു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരും കെ.എച്ച്.ആർ.ഐ

ജോയിന്റ് ഡയറക്ടറും നേതൃത്വം നൽകുന്ന സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) കരാറുകാരുടെ മത്സരംകാരണം കരാർ തുകയേക്കാൾ നിശ്ചിത ശതമാനം കുറവ് ചെയ്ത് എടുക്കുന്ന പ്രവൃത്തികൾ പ്രത്യേകം മോണിറ്ററിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) ഇപ്രകാരം കരാർ തുക ക്വോട്ട് ചെയ്യുന്ന കരാറുകാരിൽ നിന്നും ആ പണികൾ ഗുണമേൻമയോടെ ചെയ്യും എന്നുറപ്പുവരുത്താൻ അധികതുക ഗ്യാരണ്ടിയായി വയ്ക്കാൻ നിർദ്ദേശിക്കും.

സെക്ഷൻ ഓഫീസർ